ഉത്തരം

(എ) 2005-06 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വിഭാവനം ചെയ്തിരുന്ന മൊത്തം റവന്യൂ വരുമാനം 16624 കോടി രൂപയായിരുന്നു.

(ബി) 31-12-2005 വരെയുള്ള താൽക്കാലിക കണക്കുകൾ മാത്രമേ അക്കൗണ്ടന്റ് ജനറൽ ക്രോഡീകരിച്ചിട്ടുള്ളു. ടി താൽക്കാലിക കണക്ക് അനുസരിച്ച് 31-12-2005 വരെ മൊത്തം റവന്യൂ വരുമാനം 9711 കോടി രൂപ ആയി കണക്കാക്കിയിരിക്കുന്നു.

(സി) ഈ സാമ്പത്തിക വർഷത്തിന്റെ അവസാനത്തോടുകൂടി മാത്രമേ റവന്യൂ വരുമാനത്തിൽ കുറവ് വന്നിട്ടുണ്ടോ ഇല്ലയോ എന്ന് വ്യക്തമായി തിട്ടപ്പെടുത്താൻ സാധിക്കുകയുള്ളു.

രണ്ടാം ധനകാര്യ കമ്മിഷന്റെ ശുപാർശകൾ

2 [459] ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനും ത്വരിതപ്പെടുത്തുന്നതിനുമായി രണ്ടാം ധനകാര്യ കമ്മിഷന്റെ പ്രധാന ശുപാർശകൾ എന്തെല്ലാമായിരുന്നു എന്ന് വെളിപ്പെടുത്തുമോ ;

(ബി) ഈ ശുപാർശയിന്മേൽ സർക്കാർ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) രണ്ടാം സംസ്ഥാന ധനകാര്യ കമ്മിഷൻ അധികാര വികേന്ദ്രീകരണം ശക്തിപ്പെടുത്തുന്നതിനുവേണ്ടി നടത്തിയിട്ടുള്ള പ്രധാന ശുപാർശകൾ താഴെപ്പറയുന്നവയാണ്:

ശുപാർശ നമ്പർ 2 (1) :

പ്ലാനിംഗ് കമ്മിഷൻ നിശ്ചയിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതി വിഹിതം ഒഴികെ സംസ്ഥാന പദ്ധതി വിഹിതത്തിന്റെ 1/3-ൽ കുറയാത്ത തുക ഓരോ വർഷവും ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതി വിഹിതമായി നൽകേണ്ടതാണ്. ഈ പണം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അതാതു പ്രദേശത്തിന്റെ ആവശ്യം അനുസരിച്ചുള്ള പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കാൻ വിനിയോഗിക്കേണ്ടതാണ്. ഓരോ മേഖലയിലും ചെലവാക്കുന്ന തുകയുടെ പരിധി ഗവൺമെന്റ് അതാത് സമയത്ത് നിശ്ചയിക്കേണ്ടതാണ്.

ശുപാർശ നമ്പർ 2 (2) :

കൈമാറ്റം ചെയ്യപ്പെട്ടതുൾപ്പെടെയുള്ള അവരുടെ ആസ്തികൾ സംരക്ഷിക്കുന്നതിനുവേണ്ടി ഗവൺമെന്റ് അതിന്റെ ആകെ തനതു നികുതി വരുമാനത്തിന്റെ അഞ്ചര ശതമാനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് പദ്ധതിയേതര ഗ്രാന്റായി നൽകേണ്ടതാണ്. അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന തുകയിന്മേലാണ് മേൽപ്പറഞ്ഞ അഞ്ചര ശതമാനം തീരുമാനിക്കേണ്ടത്. അതിനാൽ ഇത് സാധാരണയായി ബഡ്ജറ്റ് വർഷത്തിന്

LIBRARY ARCHIVES Kerala Legislative Assembly

2 കൊല്ലം പിറകിലുള്ള സാമ്പത്തിക വർഷ കണക്കുകളെ ആസ്പദമാക്കിയായിരിക്കും തീരുമാനിക്കപ്പെടുക. വേതനം, ആശുപത്രികൾക്കുള്ള മരുന്ന് വാങ്ങൽ, വിദ്യാഭ്യാസ സൗജന്യം/വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, പുസ്തകങ്ങളുടെയും പഠന ഉപകരണങ്ങളുടെയും വിതരണം, പള്ളിക്കൂടങ്ങളിലെ ഉച്ചഭക്ഷണ വിതരണം തുടങ്ങിയവ ഒഴിച്ച് സ്ഥാപനങ്ങൾ നടത്തിക്കൊണ്ടുപോകുന്നതിന് ആവശ്യമായ മറ്റ് ചെലവുകളെല്ലാം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തന്നെ വഹിക്കേണ്ടതാണ്. വാടക, വാഹനങ്ങളുടേയും, ഉപകരണങ്ങളുടേയും സംരക്ഷണം, ടെലഫോൺ ചാർജ്ജ്, വണ്ടികൾ ഓടുന്നതിനുള്ള ചെലവുകൾ മുതലായവയും മേൽപ്പറഞ്ഞ നിബന്ധനയിൽ ഉൾപ്പെടുന്നതാണ്.

ശുപാർശ നമ്പർ 2 (3) :

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറുന്ന നികുതികൾ, അവയുമായി പങ്കുവയ്ക്കുന്ന നികുതികൾ വിവിധ തരത്തിലുള്ള നിയമബദ്ധമായും അല്ലാതെയും പൊതുവെയും പ്രത്യേക ആവശ്യങ്ങൾക്കായും കൊടുക്കുന്ന എല്ലാ ഗ്രാന്റുകൾക്കും പകരമായി അക്കൗണ്ടന്റ് ജനറൽ സാക്ഷ്യപ്പെടുത്തുന്ന തുകയുടെ അടിസ്ഥാനത്തിൽ നിർണ്ണയിക്കുന്ന സംസ്ഥാനത്തിന്റെ തനതു നികുതി വരവിന്റെ മൂന്നര ശതമാനം വരുന്ന തുക ഗവൺമെന്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് ഓരോ കൊല്ലവും പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റായി കൈമാറേണ്ടതാണ്. തദ്ദേശ സ്വയംഭരണ വകുപ്പ് നൽകി വരുന്ന ഭൂനികുതി, സ്റ്റാമ്പ് ഡ്യൂട്ടിയിൻമേലുള്ള സർചാർജ്ജ്, വാഹന നികുതി നഷ്ട പരിഹാരം, റൂറൽ പൂൾ ഗ്രാന്റുകൾ, പൊതുവായും പ്രത്യേകമായും നഗരഭരണ പ്രദേശങ്ങൾക്ക് കൊടുക്കുന്ന ഗ്രാന്റുകൾ, മറ്റെല്ലാ പദ്ധതിയേതര ഗ്രാന്റുകൾ എന്നിവയെല്ലാം ഇതിനകത്ത് ഒതുങ്ങുന്നതാണ്.

ശുപാർശ നമ്പർ 3 :

"പതിനൊന്നാം ധനകാര്യ കമ്മിഷൻ അനുവദിച്ച ഗ്രാന്റുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മേൽപ്പറഞ്ഞ ഗ്രാന്റുകൾക്ക് പുറമേ അതേപടി നൽകേണ്ടതാണ്."

ശുപാർശ നമ്പർ 4 (എ) :

പദ്ധതി സഹായ ഗ്രാന്റ്:—പദ്ധതി സഹായം നൽകുന്നതിനും അത് പങ്ക് വയ്ക്കുന്നതിനും നിലവിലിരിക്കുന്ന രീതി തന്നെ തുടരേണ്ടതാണ്. ഗ്രാമ പഞ്ചായത്തുകൾക്കും നഗര ഭരണ പ്രദേശങ്ങൾക്കും പദ്ധതി വിഹിതത്തിൽ പട്ടികജാതി/പട്ടികവർഗ്ഗേതര വിഭാഗത്തിന് നീക്കിവച്ചിട്ടുള്ള തുകയുടെ 10 ശതമാനം വരെ തനതു വിഭവസമാഹരണം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു പ്രോത്സാഹനമായി വീതിച്ച് കൊടുക്കേണ്ടതാണ്. തനതു വരുമാനത്തിൽ ഗ്രാമ പഞ്ചായത്തുകളും നഗര ഭരണ പ്രദേശങ്ങളും നേടുന്ന അധിക വരുമാനത്തിന്റെ ശതമാനം തന്നെയായിരിക്കും വീതിച്ച് കൊടുക്കേണ്ട പ്രോത്സാഹന ഗ്രാന്റിന്റെയും ശതമാനം.

പ്രസ്തുത തുക താഴെപ്പറയുന്ന ഫോർമുല അനുസരിച്ച് വീതിക്കേണ്ടതാണ്:

Qi — ri. Pi / Eri. Pi

LIBRARY ARCHIVES Kerala Legislative Assembly

Qi — തദ്ദേശ സ്വയംഭരണ സ്ഥാപനം i-ന്റെ വീതം

ri — അതിന്റെ വരുമാനത്തിലുള്ള വർദ്ധനയുടെ ശതമാനം

Pi — തദ്ദേശ സ്വയംഭരണ സ്ഥാപനം i-ന്റെ ജനസംഖ്യ.

ഈ പ്രോത്സാഹന പദ്ധതി പ്രാബല്യത്തിൽ വരുന്ന തീയതി മുൻകൂട്ടി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളെ അറിയിക്കേണ്ടതാണ്.

ശുപാർശ നമ്പർ 4 (ബി) :

സംരക്ഷണ ഗ്രാന്റ്:—"അടിസ്ഥാന നിബന്ധനകൾ കാലാകാലങ്ങളിൽ പരിഷ്കരിച്ചുകൊണ്ടും പുതുക്കിപ്പണിയുന്നതിനാവശ്യമായി വരുന്ന നിലവിലുള്ള ചെലവുകൾ കണക്കിലെടുത്തുകൊണ്ടും താഴെപറയും പ്രകാരം സംരക്ഷണ ഗ്രാന്റ് നിശ്ചയിക്കേണ്ടതാണ്:

(1) 1-4-1987-ന് മുൻപ് പണി ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണം	— മൂലധന ചെലവിന്റെ 3 ശതമാനം
(2) 1-4-1987-ന് ശേഷം പണി ചെയ്തിട്ടുള്ള കെട്ടിടങ്ങളുടെ സംരക്ഷണം	— മൂലധന ചെലവിന്റെ 2 ശതമാനം
(3) ഇപ്പോഴത്തെ നിർമ്മാണ ചെലവ്	— ചതുരശ്ര അടിക്ക് 400 രൂപ
(4) ബ്ലാക്ക്ടോപ്പ്/WBM റോഡിന്റെ ഉപരിതലം പുതുക്കി പണിയേണ്ട കാലാവധി	— 5 കൊല്ലത്തിലൊരിക്കൽ
(5) ബ്ലാക്ക്ടോപ്പ് റോഡിന് ആവശ്യമായ വാർഷിക അറ്റകുറ്റപ്പണിയുടെ ചെലവ്	— കിലോമീറ്ററിന് 25,000 രൂപ
(6) WBM റോഡിന് പ്രതിവർഷം അറ്റകുറ്റപ്പണിക്ക് ആവശ്യമായ ചെലവ്	— കിലോമീറ്ററിന് 23,000 രൂപ
(7) ടാർ ഇടാത്ത റോഡുകളുടെ പ്രതിവർഷം അറ്റകുറ്റപ്പണിയുടെ ചെലവ്	— കിലോമീറ്ററിന് 2,000 രൂപ
(8) 3.8 മീറ്റർ വീതിയുള്ള ബ്ലാക്ക്ടോപ്പ് റോഡിന്റെ ഉപരിതലം വീണ്ടും പണിചെയ്യുന്നതിനുള്ള ചെലവ്	— കിലോമീറ്ററിന് 1.65 ലക്ഷം രൂപ
(9) 3.8 മീറ്റർ വീതിയുള്ള WBM റോഡിന്റെ ഉപരിതലം പുതുക്കിപണിയുന്നതിന് ആവശ്യമായ ചെലവ്	— കിലോമീറ്ററിന് 1.84 ലക്ഷം രൂപ

ശുപാർശ നമ്പർ (6) :

സംരക്ഷണ ഗ്രാന്റിന്റെ വീതം വയ്ക്കൽ താഴെപ്പറയുന്ന രീതിയിൽ ആകണമെന്ന് നിർദ്ദേശിക്കുന്നു:

LIBRARY ARCHIVES Kerala Legislative Assembly

(1) 2000-01-ൽ 140 കോടി രൂപ എന്ന അടിസ്ഥാനത്തിൽ തുക വകകൊള്ളിക്കുന്ന വർഷത്തേക്ക് വില സൂചികകളുടെ അടിസ്ഥാനത്തിൽ തുക കണക്കാക്കുക. നിർമ്മാണമേഖലയിൽ പ്രതിഫലിക്കുന്ന പണത്തിന്റെ മൂല്യശോഷണത്തോത് മേൽപ്പറഞ്ഞ സൂചിക കണക്കാക്കാൻ ഉപയോഗിക്കാവുന്നതാണ്.

(2) മേൽ കണക്കാക്കുന്ന തുകയുടെ 1/7 ജില്ല/ബ്ലോക്ക് പഞ്ചായത്തുകൾക്ക് വേണ്ടി മാറ്റി വയ്ക്കേണ്ടതും അവ തമ്മിൽ 19:1 എന്ന അനുപാതത്തിൽ വീതിച്ചു കൊടുക്കേണ്ടതുമാണ്. ബ്ലോക്ക് പഞ്ചായത്തുകൾക്ക് തുക തുല്യമായി വീതിക്കേണ്ടതാണ്. ജില്ലാ പഞ്ചായത്തുകൾക്ക് ചെല്ലേണ്ട തുകയുടെ പകുതി അവർക്ക് ഗ്രാമീണ റോഡുകളും മറ്റു ജില്ലാ റോഡുകളും വീതിച്ചു നൽകിയ അതേ അനുപാതത്തിൽ പങ്കുവയ്ക്കുകയും ബാക്കി പകുതി റോഡ് ഒഴികെയുള്ള അവരുടെ മറ്റ് ആസ്തികൾക്ക് (1995-നുശേഷം പണി കഴിപ്പിച്ചിട്ടുള്ളവ) ഉള്ള സംരക്ഷണത്തിനുവേണ്ടി, മുൻകൂട്ടി തീരുമാനിച്ച, വ്യക്തമായ തത്വങ്ങളുടെ അടിസ്ഥാനത്തിൽ വീതിച്ചു നൽകേണ്ടതുമാണ്.

(3) ഗ്രാമ പഞ്ചായത്തുകൾക്കും നഗര ഭരണ പ്രദേശങ്ങൾക്കും ചെല്ലേണ്ട തുകയുടെ 7/8 ഇപ്പോൾ വാഹനനികുതി വിഹിതം അവയ്ക്ക് വീതിച്ച് നൽകുന്ന അതേ അനുപാതത്തിലും ശേഷിച്ച 1/8 അവയുടെ തനതും 1995-ന് മുമ്പ് കൈമാറ്റം ചെയ്യപ്പെട്ട റോഡ് ഒഴികെയുള്ള ആസ്തികൾക്ക് വേണ്ടിയും മുൻ നിശ്ചയിച്ച തത്വങ്ങളുടെ അടിസ്ഥാനത്തിൽ വീതിച്ച് നൽകേണ്ടതാണ്.

(4) മുകളിൽ പറഞ്ഞ വിഹിത നിർണ്ണയരീതിക്ക് തുടരെ തുടരെയുള്ള തിരുത്തലുകൾക്ക് വിധേയമായി കൂടുതൽ കൂടുതൽ കൃത്യതകൈവരുത്തേണ്ടതാണ്.

(5) 2000-01-ൽ 140 കോടി രൂപ എന്ന കണക്കിൽ കണക്കാക്കിയ തുകയിൽ മിച്ചം വരുന്ന സംരക്ഷണ ചെലവിനുള്ള തുക പദ്ധതി വിഹിതം വീതിച്ച് കൊടുക്കുന്ന അതേ രീതിയിൽ വീതിച്ചുനൽകേണ്ടതാണ്.

ശുപാർശ നമ്പർ 6 (സി):

പൊതു ആവശ്യങ്ങൾക്കുള്ള ഗ്രാന്റ്:—"ജില്ലാ/ബ്ലോക്ക് പഞ്ചായത്ത് ജീവനക്കാരുടെ ശമ്പളത്തിനും ഓഫീസ് ചെലവുകൾക്കും ആവശ്യമായ തുക അവരുടെ പൊതു ഉപയോഗത്തിനുള്ള ഗ്രാന്റിന്റെ ഭാഗമായി ഇക്കാര്യത്തിലെ വ്യക്തമായ നിർദ്ദേശങ്ങൾക്ക് അനുസരണമായി ഏക നിർവ്വഹണ കൃത്യമെന്ന നിലയിൽ ഗവൺമെന്റ് കണക്കാക്കേണ്ടതാണ്. ബാക്കിയുള്ള തുക താഴെ പറയുന്ന പ്രകാരം വീതിക്കണം:

ഗ്രാമ പഞ്ചായത്തുകൾ	—	78.5 %
മുനിസിപ്പാലിറ്റികൾ	—	8.5 %
കോർപ്പറേഷനുകൾ	—	13%

LIBRARY ARCHIVES Kerala Legislative Assembly

ശുപാർശ നമ്പർ 8 :

പരിവർത്തന സമയത്ത് ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിലേക്ക് ഒരു ഗ്രാമ പഞ്ചായത്തിനും, നഗര ഭരണ പ്രദേശത്തിനും ലഭിച്ചുകൊണ്ടിരുക്കുന്ന വിഹിതത്തിൽ ഒരു കാരണവശാലും തൊട്ട് മുമ്പത്തെ വർഷത്തെ അപേക്ഷിച്ച് കുറവുണ്ടാകരുത് എന്ന് ശുപാർശ ചെയ്യുന്നു.

ശുപാർശ നമ്പർ 8-(ഡി) :

11-ാം ധനകാര്യ കമ്മിഷൻ ഗ്രാന്റ്:—പതിനൊന്നാം ധനകാര്യ കമ്മിഷൻ ശുപാർശ അനുസരിച്ചുള്ള ഗ്രാന്റുകൾ ജനസംഖ്യയുടെ അടിസ്ഥാനത്തിൽ ഒറ്റ തവണയായി നൽകേണ്ടതാണ്.

ശുപാർശ നമ്പർ 11 (2) :

ഓരോ മാസവും തുടക്കത്തിൽ തന്നെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് അവർക്ക് അവകാശപ്പെട്ട തുക സ്വാഭാവികമായും കിട്ടുന്ന വിധത്തിൽ സംവിധാനമുണ്ടാകണം.

ശുപാർശ നമ്പർ 11 (7) :

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലെ ജീവനക്കാരുടെയും ഗവൺമെന്റിൽ നിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് പുനർ വിന്യാസം ചെയ്യേണ്ട ജീവനക്കാരെയും സംബന്ധിച്ച കാര്യങ്ങൾ പഠിച്ച് നിർദ്ദേശം സമർപ്പിക്കുന്നതിന് ഒരു ലോക്കൽ ഗവൺമെന്റ് സ്റ്റാഫ് കമ്മിഷൻ രൂപീകരിക്കേണ്ടതാണ്.

ശുപാർശ നമ്പർ 11 (11) :

പദ്ധതി ഗ്രാന്റിനും സംരക്ഷണ ഗ്രാന്റിനും നിലവിലിരിക്കുന്ന പി.ഡി. അക്കൗണ്ട് സംവിധാനം മാറ്റി ട്രഷറികളിൽ നിന്നും ബില്ല് മുഖേന പണം പിൻവലിക്കുന്ന സമ്പ്രദായം ഏർപ്പെടുത്തേണ്ടതാണ്.

ശുപാർശ നമ്പർ 11 (12) :

ഗവൺമെന്റ് അംഗീകരിക്കുന്ന ധനകാര്യ കമ്മിഷന്റെ ശുപാർശകളുടെ തുടർ നടപടി കൈക്കൊള്ളുന്നതിനും അവ പൂർണ്ണമായും പ്രാവർത്തികമാക്കുന്നതിനും വേണ്ടി ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു ഉന്നതാധികാര കമ്മറ്റി രൂപീകരിക്കേണ്ടതാണ്.

(ബി) ധനസംബന്ധമായ ശുപാർശകളിൽ ധനവകുപ്പ് തീരുമാനങ്ങൾ എടുത്തിട്ടുണ്ട്.

25-11-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 318/2004/ത.സ്വ.ഭ.വ. പ്രകാരം ശുപാർശ നമ്പർ 2 (2) അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.

4-11-2004-ലെ സർക്കാർ ഉത്തരവ് നമ്പർ 310/2004/ത.സ്വ.ഭ.വ. പ്രകാരം ശുപാർശ നമ്പർ 2 (3) അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.

9-7-2003-ലെ സർക്കാർ ഉത്തരവ് നമ്പർ (പി) 381/2003/ധന. പ്രകാരം ശുപാർശ നമ്പർ 11 (2), 11 (11) എന്നിവയും അംഗീകരിച്ച് നടപ്പിൽ വരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റുള്ള ശുപാർശകൾ നടപ്പിലാക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്.

31-3-2006 വരെയേ 2-ാം ധനകാര്യ കമ്മിഷൻ ശുപാർശകൾക്ക് പ്രസക്തിയുള്ളു. 1-4-2006 മുതൽ 3-ാം ധനകാര്യ കമ്മിഷൻ ശുപാർശകളാണ് നടപ്പിലാക്കേണ്ടത്.

ബിവറേജസ് കോർപ്പറേഷന്റെ വിപണന കേന്ദ്രങ്ങൾ

3. [460] ശ്രീ. ടി. എം. ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ബിവറേജസ് കോർപ്പറേഷന്റെ എത്ര വിപണന കേന്ദ്രങ്ങൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട് ; ഇതിന്റെ ലിസ്റ്റ് ലഭ്യമാക്കുമോ ;

(ബി) ഇനിയും വിപണന കേന്ദ്രങ്ങൾ തുറക്കുവാൻ ഉദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എത്ര എണ്ണം, എവിടെയെല്ലാം ;

(സി) 2005-06 സാമ്പത്തിക വർഷത്തിൽ ജനുവരി 31 വരെ ബിവറേജസ് കോർപ്പറേഷൻ വഴി മദ്യവില്പനയിൽ സർക്കാരിന് ലഭിച്ച തുക എത്ര ;

(ഡി) ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന കേന്ദ്രങ്ങളിൽ വ്യാജമദ്യം വിൽക്കുന്നതായി എന്തെങ്കിലും പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) എങ്കിൽ ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ബിവറേജസ് കോർപ്പറേഷന്റെ കീഴിൽ 305 ചില്ലറ വിൽപന ശാലകളും 14 വെയർഹൗസുകളും പ്രവർത്തിക്കുന്നു. ഇതിന്റെ ലിസ്റ്റ് അനുബന്ധമായി കൊടുത്തിരിക്കുന്നു. †

(ബി) തീരുമാനിച്ചിട്ടില്ല.

(സി) 2005 ഏപ്രിൽ മുതൽ 2005 ഡിസംബർ വരെ മദ്യ വില്പനയിലൂടെ ബിവറേജസ് കോർപ്പറേഷന്റെ വിറ്റുവരുവ് 1945.44 കോടി രൂപയും സർക്കാരിന് ലഭിച്ച വരുമാനം 1498.64 കോടി രൂപയുമാണ്. (2006 ജനുവരിയിലെ വിറ്റുവരവ് സംബന്ധിച്ച വിവരങ്ങൾ പൂർണ്ണമായി ലഭ്യമായിട്ടില്ല.)

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) ബാധകമല്ല.

ബിവറേജസ് കോർപ്പറേഷൻ വഴിയുള്ള മദ്യവിൽപ്പന

4 [461] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005-06 വർഷത്തിൽ സംസ്ഥാന ബിവറേജസ് കോർപ്പറേഷൻ വഴി സംസ്ഥാനത്ത് വിറ്റഴിച്ച മദ്യം എത്രയാണ് ;

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly